പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 912

30/11/2018 ൽ മറുപടിക്ക്

## പ്രളയത്തെത്തുടർന്ന് മൃഗസംരക്ഷണ മേഖലയിലുണ്ടായ നഷ്ടങ്ങൾ

ചോദ്യം

ശ്രീ. സജി ചെറിയാൻ:
ശ്രീ കെ.ജെ. മാക്സി
ശ്രീ.എം. നൗഷാദ്
ശ്രീ.എ. പ്രദീപ്കുമാർ:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തുണ്ടായ പ്രളയവും മഴക്കെടുതിയും മൂലം മൃഗസംരക്ഷണ മേഖലയിലുണ്ടായ നഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. മൃഗസംരക്ഷണ മേഖലയിൽ പ്രളയം മൂലം 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ,1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും, 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) | നിരവധി കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചതു മൂലം ക്ഷീരോല്പാദനത്തിൽ വലിയ കുറവ് സംഭവിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | തീറ്റപ്പുൽ കൃഷി നശിച്ചതും ഫാമുകൾ തകർന്നതും മൂലം കനത്ത നാശനഷ്ടങ്ങൾ സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | പ്രളയം മൂലം 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. ഉരുക്കൾ നഷ്ടപ്പെട്ടത് മൂലം ഉണ്ടായ നഷ്ടപരിഹാരം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ